# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേപ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-4/651/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-4/651/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.മായാദേവി സി.എസ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുഷ.റ്റി.പിള്ള, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി .രാധ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.എം.കെ വേണുകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിഷ.എൻ.തയ്യിൽ | സെക്രട്ടറി | 01-04-2020 | 18-06-2020 |
| ദീപ്തി എസ് നായർ | സെക്രട്ടറി | 18-06-2020 | 21-09-2020 |
| ഷാജഹാൻ | സെക്രട്ടറി | 19-01-2021 | 31-03-2021 |
| പുഷ്പരാജൻ | കൃഷി ഓഫീസർ | 01-04-2020 | 23-12-2020 |
| റസിയ ഫാത്തിമ | കൃഷി ഓഫീസർ | 24-12-2020 | 24-02-2021 |
| ഐശ്വര്യ.റ്റി | കൃഷി ഓഫീസർ | 25-02-2021 | 31-03-2021 |
| റാണി.എസ്.നായർ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ലാവണ്യ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2020 | 31-05-2020 |
| ഡോ.അഖിൽ ജി.ജി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-06-2020 | 31-01-2021 |
| ഡോ.സെൽമ ജോസി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-02-2021 | 31-03-2021 |
| ഡോ.മനോജ് ശങ്കരനാരായണ അയ്യർ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. രമ്യ.ഡി.തിലകൻ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 16-09-2020 |
| ഡോ. എൻ സുനിൽകുമാർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 17-09-2020 | 21-01-2021 |
| ഡോ. അഭിലാഷ്.എൻ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 22-01-2021 | 31-03-2021 |
| ശ്രീ.അൻജിത്ത്.ബി.മോഹൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 11-01-2021 |
| ലോല സി.എസ് | അസിസ്റ്റന്റ് എൻജിനീയർ | 11-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| അമ്പിളി ഭാസ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| മുരുകേഷ് ബാബു | അസ്സി സെക്രട്ടറി | 01-04-2020 | 12-06-2020 |
| മിനി ശ്രീധർ. ആർ | അസ്സി സെക്രട്ടറി | 13-06-2020 | 31-03-2021 |
| അപ്പൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-05-2020 |
| ഗീത.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2021 | 31-03-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2020 | 31-12-2020 |
| ഹംലത്ത്.എസ് | എച്ച്.എം, ഗവ.യു.പി.എസ് | 01-04-2020 | 31-03-2021 |
| മിനി ശ്രീധർ ആർ | സെക്രട്ടറി (അധിക ചുമതല) | 22-09-2020 | 12-10-2020 |
| ദീപ്തി എസ് നായർ | സെക്രട്ടറി | 12-10-2020 | 14-01-2021 |
| രശ്മിപ്രിയ | സെക്രട്ടറി (അധിക ചുമതല) | 15-01-2021 | 19-01-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2020 | 31-12-2020 |
| ഐശ്വര്യ ബാബു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 28-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 22-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-9 |
| 11 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുതീടാക്കിയില്ല- 12,500 രൂപാ വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 19-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-06-2022) | 1-10 |
| 12 | തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്യുതീടാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-11 |
| 13 | വസ്തുനികുതി അനധികൃത ഇളവുകൾ നല്കി- വരുമാന നഷ്ടം ഉണ്ടാകുന്നു<br>Written By: Lakshmikanth P (Auditor, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-12 |
| 14 | ഇ-ടെണ്ടർ ചെയ്യു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-13 |
| 15 | സർവ്വെ റിപ്പോർട്ടിൻ മേൽ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 21-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-14 |
| 16 | മുൻ റിപ്പോർട്ടിലെ പരാമർശത്തിന്മേൽ നടപടി പൂർത്തിയായില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-15 |

| | | |
|---|---|---|
| 17 | ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ -പ്രാൺ നമ്പർ ലഭിച്ചില്ല- തുക അടയ്ക്കാൻ സാധിക്കാതെ ബാദ്ധ്യതയായി ശേഷിക്കുന്നു<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-16 |
| 18 | ഫാർമസി സ്റ്റോറിന് എ സി വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-17 |
| 19 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-18 |
| 20 | പഞ്ചായത്ത് ഓഫീസിന്റെ മുകൾ നില ഇലക്ട്രിഫിക്കേഷൻ -ജി എസ് റ്റി ഈടാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-19 |
| 21 | സ്കൂളുകൾക്ക് എയ്റോബിക് കമ്പോസ്റ്റ് ബിൻ നിർമ്മാണം,(so101/21) - മൂല്യ നിർണ്ണയത്തിൽ അധികരിച്ച് തുക പിൻവലിച്ചു - യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 21-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-20 |
| 22 | പഞ്ചായത്ത് ഓഫീസിന്റെ മുകൾ നില നവീകരിക്കൽ, So149/21 - സീലിംഗ് ഇളകികിടക്കുന്നു<br>Written By: Sajitha Das (Audit Officer (HG), On 21-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-21 |
| 23 | സ്റ്റാന്റിംഗ് കമ്മറ്റി റൂം ഫർണിഷിംഗ്(so113/21) - അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 21-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-22 |
| 24 | പുളിഞ്ചുവട്ടിൽ ഭാഗം അഴുക്ക് ചാൽ (ഓട) നിർമ്മാണം,so191/21- എസ്കവേറ്റ് ചെയ്ത മണ്ണിന്റെ പുനരുപയോഗം വ്യക്തമല്ല<br>Written By: Sajitha Das (Audit Officer (HG), On 23-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-23 |
| 25 | മരുന്നുകൾ സമയബന്ധിതമായി ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-24 |
| 26 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം ചേരുന്നില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-25 |
| 27 | സി.എഫ്.എൽ.ടി.സി.യിലേക്ക് വാങ്ങിയ റെഫ്രിജറേറ്റർ പ്രവർത്തന ക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-26 |
| 28 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-27 |
| 29 | തൊഴിലുറപ്പ് പദ്ധതി- ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 22-06-2022) | 1-28 |
| 30 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതിയും, ജിഎസ്ടിയും ഈടാക്കിയില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 22-06-2022) | |
| 31 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-30 |
| 32 | ദുരന്ത പ്രതിരോധ- നിവാരണ പ്രവർത്തനങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-31 |
| 33 | തൊഴിലുറപ്പ് അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-32 |
| 34 | കോവിഡ് - അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 1-33 |
| | **ഭാഗം 2** | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടാക്കിയില്ല- 12,500 രൂപാ വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 20-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-06-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Rajeev R (Deputy Director, On 28-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Rajeev R (Deputy Director, On 28-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 17-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 20-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 23-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lakshmikanth P (Auditor, On 18-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-06-2022) | 4-10 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.03.20 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 19,75,60,452 | 19,74,54,950 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 16,01,92,014 | 16,25,09,992 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 17.6.2021 |

## 1-2-1 വാർഷിക കണക്ക് പരിശോധന

2020-21 ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം ഫെഡറൽ ബാങ്ക്, മുട്ടം - 2585 ന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 49700/- രൂപ Cheque Deposited But Not Collected എന്ന ഹെഡിൽ ചേർത്തിട്ടുണ്ട്. വിശദാംശം ചുവടെ

| ചെക്ക് നം./തീയതി | തുക |
|---|---|
| 5986618/13.02.2020 | 5,000 |
| 544367/04.09.2020 | 10,750 |
| 5986736/18.08.2020 | 3,750 |
| 5986736/18.08.2020 | 600 |
| 544248/02.03.2020 | 10,600 |
| 0584162/04.03.2020 | 2,500 |
| 0491031/27.02.2020 | 16,500 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ ബാലൻസ് തുക രേഖപ്പെടുത്തിയിരിക്കുന്നത് (-) 1,67,318/- രൂപ എന്നാണ്. ഉറവിടത്തിൽ കുറവ് ചെയ്യുന്ന തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ B-11ഷെഡ്യൂളിൽ ഉൾപ്പെട്ട ആസ്തികളുടെ മൂല്യം പരിശോധിക്കുവാനായിട്ടില്ല

4) കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പല നിർദ്ദേശങ്ങളും വാർഷികകണക്കിൽ നിലവിൽ ഉൾപ്പെടുന്നില്ല. അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,49,39,204.85 |
| വരവ് | 6,79,06,646 |
| ആകെ | 8,28,45,850.85 |
| ചെലവ് | 6,96,88,740 |
| നീക്കിയിരിപ്പ് | 1,31,57,110.85 |
| വരവിനങ്ങളിലെ നഷ്ടം | 12,500 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,84,970 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട് മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | |
| വികസനഫണ്ട് പൊതുവിഭാഗം | - | 16,66,188 | 1,48,41,512 | 1,65,07,700 | 16,66,188 | 1,33,42,642 | 14,98,870 |
| വികസനഫണ്ട് എസ്.സി.പി. | - | 3,95,647 | 80,11,353 | 84,07,000 | 3,95,647 | 67,38,683 | 12,72,670 |
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 1,63,000 | 1,63,000 | 0 | 96,301 | 66,699 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | 1,34,36,514 | 1,34,36,514 | - | 67,30,709 | 67,05,805 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | 92,58,000 | 92,58,000 | - | 71,53,096 | 21,04,904 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | - | 34,56,681 | 34,56,681 | - | 31,62,491 | 2,94,190 |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 0 | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 179 | 8,39,66,845 | 124 | 5,06,05,416 | 5 | 45 | 69.27% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7,55,410 | 7,50,481 | 15,05,891 | 6,61,496 | 8,44,395 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | Nil | 3,58,94,914 | 3,58,94,914 | 3,58,94,914 | Nil |
| ആകെ | 7,55,410 | 3,66,45,395 | 3,74,00,805 | 3,65,56,410 | 8,44,395 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41,520 | 60 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,51,89,100 | 23 |
| വിധവാപെൻഷൻ | 1,43,20,000 | 42 |
| വാർദ്ധക്യകാലപെൻഷൻ | 2,89,08,100 | 221 |
| വികലാംഗപെൻഷൻ | 46,42,800 | 249 |
| അവിവാഹിതപെൻഷൻ | 8,67,200 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.05.2022 തീയതിയിൽ 03:15 P.M സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,450 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3) പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പുതിയതായി നിർമ്മിക്കപ്പെട്ട എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ, വാങ്ങിയ ഫർണീച്ചറുകൾ എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5) റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

## 1-10 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്‌ ഈടാക്കിയില്ല- 12,500 രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പരമാവധി 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2020-21ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | ആലപ്പി സർവോദയാ സംഘ്, കണിച്ചനെല്ലൂർ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2 | വലിയകുഴി സർവീസ് സഹകരണ ബാങ്ക് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | ചേപ്പാട് സർവീസ് സഹകരണ ബാങ്ക് | രണ്ട് അർദ്ധ | 1250X2=2500 |

| | | | |
|---|---|---|---|
| | | വർഷങ്ങളിലും | |
| 4 | എച്ച്.ഡി.എഫ്.സി ബാങ്ക്, ചേപ്പാട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | കെ.എസ്.എഫ്.സി മുട്ടം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| | ആകെ | | 12,500/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 16 തീയതി 16.05.2022), മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള ഉള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്..

## 1-11 തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന വ്യക്തിയിൽ നിന്ന് ആദായത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ നിർദ്ദേശിക്കും പ്രകാരം ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച 2020-21 രജിസ്റ്ററുകളും പത്രികകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും /കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല.

1) 2020-21 കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസിനായി അപേക്ഷ സമർപ്പിച്ച താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷപ്രകാരം ഉള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | CIEL ET TERRE SOLAR Pvt Ltd | 55 |
| 2 | വി.ബി. ഡെന്റൽ ക്ലിനിക് | 2 |
| 3 | ലെജന്റ് മാർട്ട് സൂപ്പർ മാർക്കറ്റ് | 5 |
| 4 | മുഴങ്ങോടിയിൽ ഫ്യൂവൽസ് | 3 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15 തീയതി 16.05.2022) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരുടെ പേര് / മേൽവിലാസം |
|---|---|
| 1 | ശ്രീചന്ദ് ആർ., ശ്രീശൈലം, ഇലിപ്പക്കുളം പി.ഒ. |
| 2 | സി.രവീന്ദ്രൻ, കൊല്ലശേരിൽ, മുട്ടം പി.ഒ. |
| 3 | അനിൽകുമാർ ആർ., ബിജു ഭവനം, മുട്ടം |
| 4 | ബാലകൃഷ്ണൻ കെ., കരിക്കാട്ട് ഹൌസ് |
| 5 | വിജയൻ എൻ., വിഷ്ണു ഭവനം, ചേപ്പാട് |
| 6 | ജയചന്ദ്രൻ, മംഗലശേരിൽ |
| 7 | ബാബു ഗോപാലൻ, പുത്തൻ വീട്ടിൽ |

| | |
|---|---|
| 8 | സുരേഷ് കുമാർ, വിഷ്ണു ഭവനം |
| 9 | സോമരാജൻ, സുനിൽ ഭവനം |
| 10 | ഫിലിപ്പ് എസ്., എലിക്കൽ ഹൌസ്, ചേപ്പാട് |

ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/ തീയതി:16.05.2022) മറുപടി ലഭ്യമാക്കിയില്ല. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 വസ്തുനികുതി അനധികൃത ഇളവുകൾ നല്കി- വരുമാന നഷ്ടം ഉണ്ടാകുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ 20% നികുതി വർദ്ധനവ് വരുത്താവുന്നതാണ്. 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചർജ്ജും) ചട്ടമനുസരിച്ച്, പഞ്ചായത്ത് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം, റെസിഡൻഷ്യൽ കെട്ടിടത്തിന് ച:മീറ്ററിന് 6 രൂപ നിരക്കിലും, വാണിജ്യ കെട്ടിടങ്ങൾക്കു ച:മീറ്ററിന് 40 രൂപ നിരക്കിലും അടിസ്ഥാന വസ്തുനികുതി നിജപ്പെടുത്തിയിട്ടുണ്ട്. 2020-21 ലെ വസ്തു നികുതി സംബന്ധിച്ച പഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ചതിൽ ഒന്നാം വാർഡിൽ യു.സുഭാഷ്, സ്വാതിനന്ദനം (വിശാഖത്തിൽ) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന വസ്തുവിലുള്ള 1/247B, I//247C, I/247D എന്നീ വാണിജ്യ കെട്ടിടങ്ങളുടെ ലൊക്കേഷൻ സ്കെച്ചിലും, പ്ലാനിലും അഞ്ച് മീറ്ററിൽ കൂടുതൽ വഴി സൗകര്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് നല്കിയിട്ടില്ല. എന്നാൽ ടി ഉടമസ്ഥന്റെ തന്നെ ഇതേ പുരയിടത്തിലുള്ള I/247A എന്ന റെസിഡൻഷ്യൽ കെട്ടിടത്തിന് 2020-21 കാലയളവിൽ അസസ്സ്മെന്റ് നടത്തി വസ്തു നികുതി ഈടാക്കിയപ്പോൾ അഞ്ച് മീറ്ററിൽ കൂടുതൽ ഉള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഈടാക്കുകയും ചെയ്തു. ഇതേ വസ്തുവിൽ സ്ഥിതിചെയ്യുന്ന I/247 എന്ന നമ്പറുള്ള റെസിഡൻഷ്യൽ കെട്ടിടത്തിന് 20% വർദ്ധനവ് കൂടാതെയാണ് വസ്തു നികുതി ഈടാക്കികൊണ്ടിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിടത്തിൻറെ അടിസ്ഥാന നികുതി (തറവിസ്തീർണംX വസ്തുനികുതി നിരക്ക്) | 20% വർദ്ധനവ് നൽകി ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | അധികമായി ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | I / 247 | 187X6 =1122 | 1346.40 | 1122 | 224.40 |
| 2 | I / 247A | 112.13X6=672.78 | 807.35 | 807.35 | 0 |
| 3 | I/ 247B | 14.98X40=599.2 | 719 | 599.2 | 119.84 |
| 4 | I/247C | 18.85X40=754 | 904.80 | 754 | 150.80 |
| 5 | I/247D | 22.03X40=881.20 | 1057.45 | 881.20 | 176.25 |
| | | | | ആകെ | 671.30 |

ഇത് സംബന്ധിച്ച് നൽക്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 24 / 17.05.22) നല്കിയ മറുപടിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തി മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് അപാകത പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച അധികമായി ഇടാക്കേണ്ട നികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇങ്ങനെയുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2020-21 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 13732 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ഇതേ വരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷം തന്നെ അക്കൗണ്ട് ആരംഭിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം 2015-16 വർഷം മുതൽ നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സർവ്വെ റിപ്പോർട്ടിൻ മേൽ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്യപ്പെടുന്ന സാധനങ്ങളുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിക്കുകയും എന്നാൽ ലഭ്യമാകുന്ന സർവ്വെ റിപ്പോർട്ടിൻ മേൽ ലേല നടപടി സമയബന്ധിതമായി കൈക്കൊള്ളുന്നുമില്ല.
02.11.20, 12.03.21 എന്നീ തീയതികളിലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്യപ്പെട്ട സാധനങ്ങളുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം സർവ്വെ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയിരുന്നു.

| പ്രോജക്ട് | സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യം |
|---|---|
| അങ്കണവാടി നം.43 പുനരുദ്ധാരണം | 2855 |
| അങ്കണവാടി നം.60, 62 അറ്റകുറ്റപ്പണി | 881 |
| പി.എച്ച്.സി സബ്സെന്റർ മെയിന്റനൻസ് | 4740 |

ഇതിൻമേൽ സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിരുന്നില്ല. ഇപ്രകാരം ഡിസ്മാന്റിൽ ചെയ്യപ്പെടുന്നതും പുനരുപയോഗ സാധ്യതയുള്ളതുമായ സാധനങ്ങൾ യഥാസമയം ലേല നടപടികൾ സ്വികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അടിയന്തിരമായി ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുക.

## 1-15 മുൻ റിപ്പോർട്ടിലെ പരാമർശത്തിന്മേൽ നടപടി പൂർത്തിയായില്ല

കെ.എസ്.എ-എ.എൽ.പി-പി4/2021/12.04.2021 നമ്പരിലുള്ള 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-24 ൽ ശ്രീമതി കുഞ്ഞമ്മ, വേളങ്ങാട്ട് എന്ന പെൻഷണർ അനർഹമായി കൈപ്പറ്റിയ കർഷക തൊഴിലാളി പെൻഷൻ തുക തിരികെ അടച്ചില്ല എന്ന് പരാമർശിച്ചിരുന്നു. ടിയാളുടെ പെൻഷൻ റദ്ദു ചെയ്യുവാനും തുക തിരികെ അടയ്ക്കാനും സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ഖണ്ഡികയിൽ ശുപാർശ ചെയ്തിരുന്നെങ്കിലും നിലവിലും നടപടികൾ പൂർണ്ണമായിട്ടില്ല .

തുക തിരികെ അടയ്ക്കുവാൻ കത്ത് നല്കിയിട്ടുണ്ട് എന്നാണ് സെക്ഷനിൽ നിന്നും അറിയിച്ചത്. നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ -പ്രാൺ നമ്പർ ലഭിച്ചില്ല- തുക അടയ്ക്കാൻ സാധിക്കാതെ ബാദ്ധ്യതയായി ശേഷിക്കുന്നു

1.4.2013 ന് ശേഷമുള്ള നിയമനങ്ങൾക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകം. ജി.ഒ.(പി)20/13 /ധന./7.1.13 പ്രകാരം ജീവനക്കാരുടെ ശമ്പളത്തിൽ അടിസ്ഥാന തുകയും ക്ഷാമബത്തയും ഉൾപ്പടെയുള്ള തുകയുടെ 10% തുക ഈടാക്കി തത്തുല്യ തുക സർക്കാർ സംഭാവന ചെയ്ത് ഓരോ ജീവനക്കാരന്റെയും പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കും. ഇതിനായി ഓരോ ജീവനക്കാരനും പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ ലഭ്യമാക്കും. ഗ്രാമപഞ്ചായത്തിൽ

നിലവിൽ 1.4.2013 ന് ശേഷം സേവനത്തിൽ പ്രവേശിച്ച 4 ജീവനക്കാരാണുള്ളത്. ഇവരിൽ ഒരു ജീവനക്കാരിയ്ക്ക് മാത്രമാണ് പ്രാൺ നമ്പർ ലഭിച്ചിട്ടുള്ളത്. അതിനാൽ പ്രാൺ നമ്പർ ലഭിച്ചിട്ടില്ലാത്ത ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ സർക്കാരിലേക്ക് അടയ്ക്കാൻ സാധിച്ചിട്ടില്ല. പ്രാൺ നമ്പർ ലഭിച്ചിട്ടില്ലാത്ത ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീജ എസ്., ക്ലാർക്ക്

2. അനീഷ് തോമസ്, ക്ലാർക്ക്

3. വിപിൻ റ്റി., ഓഫീസ് അറ്റന്റന്റ്

മേൽ ജീവനക്കാർക്ക് പ്രാൺ നമ്പർ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഫാർമസി സ്റ്റോറിന് എ സി വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല

മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവ്വഹണ ഉദ്യോഗസ്ഥനായി ഫാർമസി സ്റ്റോറിലേക്ക് എ സി വാങ്ങൽ പ്രോജക്റ്റ്(S0068/21) പ്രകാരം ഫാർമസിയിലേക്ക് എ സി വാങ്ങിയിരുന്നു. ജി.ഒ.(പി) നം.7/2019/SPD/26.4.19 പ്രകാരം 25,000 രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ജെം മുഖേന നടത്തണമെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയത്. വി.എസ്.കെ എന്ന സ്ഥാപനം ഹാജരാക്കിയ LG യുടെ 1 ടൺ 3 സ്റ്റാർ സ്പെസിഫിക്കേഷനോട് കൂടിയ 31,900 രൂപയുടെ ഉപകരണം 20.2.2021 ലെ 2-ാം നമ്പർ തീരുമാന പ്രകാരമാണ് വാങ്ങിയത്. സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തിയതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/11.5.2022)ജെം ൽ നിന്ന് വാങ്ങൽ നടത്തണമെന്ന് അറിയില്ലായിരുന്നു എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകി. വരും വർഷങ്ങളിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രോജക്റ്റ് (പ്രോജക്റ്റ് നം.15/20-21 )പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി യിൽ തുക മുൻകൂറായി നിക്ഷേപിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| വാർഡ് 12.14 എന്നിവിടങ്ങളിലെ വിവിധ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 46658 (ബിൽ നം. 22/19.2.21) | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ചേപ്പാട് |
| വാർഡ് 6 ലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 6337(ബിൽ നം.32/29.3.21) | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, തട്ടാരമ്പലം |
| ആകെ | 52995 | |

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/11.5.2022)വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 52,995 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പഞ്ചായത്ത് ഓഫീസിന്റെ മുകൾ നില ഇലക്ട്രിഫിക്കേഷൻ -ജി എസ് റ്റി ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റിന്റെ വിശദാംശങ്ങൾ : പഞ്ചായത്ത് ഓഫീസിന്റെ മുകളിലത്തെ നില ഇലക്ട്രിഫിക്കേഷൻ (പ്രോജക്റ്റ് നം. S0138/21)

പഞ്ചായത്ത് ഓഫീസിന്റെ മുകളിലത്തെ നില ഇലക്ട്രിഫിക്കേഷൻ നടത്തിയതിന്റെ ആകെ പ്രവൃത്തി മൂല്യം 2,79,002 രൂപയാണ്. ഇതോടൊപ്പം എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ഫീസ്, ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്, ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ ഉൾപ്പെടെ ആകെ 3,23,643 രൂപ (ചെക്ക് നം.5583006/21.12.2020)ചെലവഴിച്ചിട്ടുണ്ട്. 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 2% സോഴ്സ് ഡിഡക്ഷൻ നടത്തണമെന്ന് 2017

ലെ ജി.എസ്.ടി ആക്ട് സെക്ഷൻ 51 ൽ നിഷ്കർഷിക്കുന്നു. എന്നാൽ ഇപ്രകാരം സോഴ്സ് ഡിഡക്ഷൻ നടത്തിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/11.5.2022)കരാറുകാരനിൽ നിന്ന് ജി.എസ്.റ്റി ഈടാക്കിയിട്ടില്ല എന്ന് മറുപടി നൽകി. ജി.എസ്.റ്റി ഇനത്തിൽ ഈടാക്കാതിരുന്ന 5,580 രൂപ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു. ടി തുക കരാറുകാരനിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-20 സ്കൂളുകൾക്ക് എയ്റോബിക് കമ്പോസ്റ്റ് ബിൻ നിർമ്മാണം,(S0101/21) - മൂല്യ നിർണ്ണയത്തിൽ അധികരിച്ച് തുക പിൻവലിച്ചു - യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അടങ്കൽ - 87,00,000(സംസ്ഥാനാവിഷ്കൃത പദ്ധതി)

കരാർ നം.28/AE/27.10.20

എം. ബുക്ക് നം.73/20-21

ഗവ.എൽ.പി.സ്കൂൾ, ചേപ്പാട് സൗത്ത്, കണിച്ചനല്ലൂർ എൽ.പി.എസ്, ഏവൂർ എൽ.പി.എസ്, ഗവ.എൽ.പി.എസ്, ചേപ്പാട് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് ബിൻ നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 174000 | ചെക്ക് നം. 860524/08.03.21 | 20-21 |
| 661320 | ചെക്ക് നം. 860525/01.12.21 | 21-22 |
| 835320 | | |

1. എം ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 8,27,928 രൂപയാണ്. എന്നാൽ ആകെ 835320 രൂപ പിൻവലിച്ചു. അധികമായി 7,392 രൂപ പിൻവലിച്ചു.

2. എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ഇനം .6, PVC Fittings For Drainage System - 2000rs, ഇനം.4, Supply Inoculam - 2,000 രൂപ എന്നീ ഇനങ്ങൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും അത് ചെയ്തിട്ടില്ല.

3. നികുതികൾ സർക്കാർ ഫണ്ടുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. പ്രവൃത്തി പൂർത്തീകരിച്ച് ബിൻ സ്കൂളിന് കൈമാറിയതായി കാണുന്നില്ല.

5. 5 മാസമായിരുന്നു പൂർത്തീകരണ കാലയളവെങ്കിലും ഇതേ വരെ പ്രവൃത്തി പൂർത്തീകരിച്ച് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കിയിട്ടില്ലെന്ന് കാണുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/20-21), അധികമായി പിൻവലിച്ച തുക തിരികെ പഞ്ചായത്തിലേക്ക് ഒടുക്കുന്നതാണെന്നും ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുൻപ് പി.റ്റി.എ യെ ഏൽപിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും മറുപടി നൽകി.

പ്രവൃത്തി പൂർത്തീകരിച്ച് യൂണിറ്റിന്റെ പ്രവർത്തനം സ്കൂളുകൾക്ക് കൈമാറേണ്ടതും നികുതികൾ സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. അധികമായി പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന 7,392 രൂപ പഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്. യൂണിറ്റുകളുടെ പ്രവർത്തനം ഇതേ വരെയും ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തൻവർഷ ചെലവായ 1,74,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പഞ്ചായത്ത് ഓഫീസിന്റെ മുകൾ നില നവീകരിക്കൽ, S0149/21 - സീലിംഗ് ഇളകികിടക്കുന്നു

അടങ്കൽ - 11,00,000

എം ബുക്ക് നം. - 39/20

കരാർ നം. - 26/AE/16.12.19

കരാറുകാരൻ - ജയചന്ദ്രൻ

പഞ്ചായത്ത് ഓഫീസിന്റെ മുകൾ നില നവീകരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ACP വർക്ക്, സീലിംഗ് എന്നിവയാണ് ചെയ്തിട്ടുള്ളത്.

ഇനം.5 പ്രകാരം, Providing And Ceiling PVC Ceiling Panels, 208.75m2@701.60/m2 = 146459 രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്ഥല പരിശോധന നടത്തിയതിൽ നിലവിൽ സീലിംഗ് ഇളകി കിടക്കുന്നതും ഹാളിനുള്ളിൽ വെള്ളം കെട്ടികിടക്കുന്ന അവസ്ഥയിലുമാണുള്ളതെന്ന് കണ്ടു. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/20-21) മറുപടിയായി, ഈ പ്രവൃത്തിയുടെ സെക്യൂരിറ്റി പീരീഡ് കഴിഞ്ഞിട്ടുള്ളതായും ടി കാലയളവിനുള്ളിൽ യാതൊരു വിധമായ അപാകതകളും നിലവിലുണ്ടായിരുന്നില്ല എന്നും അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും മറുപടി നൽകി. അപാകത പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 സ്റ്റാന്റിംഗ് കമ്മറ്റി റൂം ഫർണിഷിംഗ്(S0113/21) - അപാകതകൾ

സ്റ്റാന്റിംഗ് കമ്മറ്റി റൂം ഫർണിഷിംഗ് നടത്തിയതിന് സിഡ്കോയ്ക്ക് ചെക്ക് നം.1437706/09.03.21 പ്രകാരം 1,99,988 രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. അപാകതകൾ.

1) L Shape Table-3, Cupboard-2, Setting Cupboard Above Existing, Excecutive High Back Revolving Chair-3 എന്നീ ഉപകരണങ്ങളാണ് സിഡ്കോയിൽ നിന്നും വാങ്ങിയത്. വാങ്ങിയ സാധനങ്ങളിൽ സിഡ്കോയുടെ പ്രൈസ് ലിസ്റ്റിലുള്ളത് Excecutive High Back Revolving Chair മാത്രമാണ്. മറ്റുള്ള ഉപകരണങ്ങളുടെ മൂല്യനിർണ്ണയം നടത്തിയിരുന്നില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് അളവ് പരിശോധിച്ചു. സ്റ്റോക്കിൽ ഉൾപ്പെടുത്തി പഞ്ചായത്തിന് കൈമാറിയതായാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. എന്നാൽ നിലവിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഇനം.3, Setting Cupboard Above Existing, 62.39sqft@573/sqft = 35,749.47 രൂപ ചെലവഴിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. പ്രാദേശിക പരിശോധന നടത്തിയതിൽ കബോർഡിനുൾവശം ഈർപ്പം നിലനിൽക്കുന്ന അവസ്ഥയിലായതിനാൽ കൂടുതൽ കബോർഡിലും ഫയലുകൾ വെച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (20/20-21), ടി കെട്ടിടത്തിന് മുകളിൽ പുറകിലുള്ള മരച്ചില്ലകൾ വീണ് കിടക്കുന്നതിനാലാണ് ഈർപ്പം നിലനിൽക്കുന്നതെന്നും ടി കെട്ടിടത്തിന് മെയിന്റനൻസ് ആവശ്യമാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. കബോർഡ് ഉപയോഗക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഉപകരണങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-23 പുളിഞ്ചുവട്ടിൽ ഭാഗം അഴക്ക് ചാൽ (ഓട) നിർമ്മാണം,S0191/21- എസ്കവേറ്റ് ചെയ്ത മണ്ണിന്റെ പുനരുപയോഗം വ്യക്തമല്ല

പുളിഞ്ചുവട്ടിൽ ഭാഗം അഴക്ക് ചാൽ (ഓട) നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം.1 ആയി, 38.287m3മണ്ണ് എസ്കവേറ്റ് ചെയ്തിരുന്നു. എം ബുക്കിൽ Excavated Earth Was Used For Road Formation(0.7x38.287) എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മറ്റിയുടെ 20.02.21ലെ തീരുമാനം.6(1) പ്രകാരം ഓട നിർമ്മാണത്തിൽ അധികമായി വന്ന 13 M3 മണ്ണ് 7,500 രൂപയ്ക്ക് ലേലം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. മണൽ വിറ്റ ഇനത്തിൽ 5,000 രൂപ പഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.(120010106007/30.03.21). അപാകതകൾ താഴെ കൊടുക്കുന്നു.

1. എം ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം എസ്കവേറ്റ് ചെയ്ത അളവിന്റെ 70% ആയ 26.80 M3 മണ്ണ് പുനരുപയോഗിക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എത്ര അളവ് മണ്ണ് പുനരുപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല.

2. 13 M3 മണ്ണ് 7,500 രൂപയ്ക്ക് ലേലം ചെയ്യാൻ തീരുമാനിച്ചെങ്കിലും 5,000 രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം ഓഡിറ്റിൽ ബോധ്യപ്പെടുത്തിയിട്ടില്ല.

3. സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. എപ്രകാരമാണ് 13.80 M3 (26.80 M3 -13 M3 )മണ്ണിന് 7500 രൂപയിൽ എത്തിച്ചേർന്നതെന്ന് വിശദീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർമ്മാണ വേളയിൽ ഓടയുടെ ആഴം കൂട്ടേണ്ടി വന്നതിനാൽ എസ്കവേറ്റഡ് എർത്തിന്റെ അളവ് കൂടുകയും ഫില്ലിംഗിന് ആവശ്യമായ മണ്ണ് സൈറ്റിൽ തന്നെ ലഭ്യമായതിനാലും ഫില്ലിംഗ് ഒഴിവാക്കിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ലഭ്യമായ മണ്ണ് സൈറ്റിലെ ഉപയോഗ ശേഷം അധികമായി വന്ന മണ്ണ് മാത്രമാണ് ലേലം ചെയ്തതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. കമ്മറ്റിയുടെ തീരുമാന പ്രകാരമാണ് ലേലം അംഗീകരിച്ചത് എന്ന് പറയുമ്പോഴും സർവ്വെ റിപ്പോർട്ട് തയ്യാറാക്കാതെ എപ്രകാരമാണ് ലേല നടപടികൾ സ്വീകരിച്ചത് എന്ന് വ്യക്തമല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കപ്പെടേണ്ടതാണ്.

## 1-24 മരുന്നുകൾ സമയബന്ധിതമായി ലഭിച്ചില്ല

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഫാർമസിയിലേക്കും പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കുമായുള്ള മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നൽകിയിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ | ലഭിച്ച മരുന്നുകൾ | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|---|
| 1 | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 64/21) | 2,99,997 രൂപ (ബിൽ നം.9/18.2.2021) | 164004 | 135993 |
| 2 | പാലിയേറ്റീവ് കെയർ പ്രോജക്ട് നം. S0063/21 | 21982 (ബിൽ നം.10/26.2.2021-ഗ്രോസ് -64712) | ലഭിച്ചിട്ടില്ല | 21982 |
| | | ആകെ | | 157975 |

മരുന്നുകൾ പൂർണ്ണമായി ലഭിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/11.5.2022)ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ സ്റ്റോക്കിലില്ലാത്തതിനാലാണ് വിതരണം ചെയ്യാതിരുന്നത് എന്നും ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ് എന്ന് കാരുണ്യ അറിയിച്ചിട്ടുണ്ട് എന്നും മറുപടി നൽകി. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,57,975 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം ചേരുന്നില്ല

സ.ഉ(സാധാ) നം.553/2019/തസ്വഭവ/ തീ. 7.3.2019 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖ-2.9.1 പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പി എം സി യോഗം ചേരേണ്ടതാണ്. എന്നാൽ 2020-21 വർഷം മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നതായി കാണുന്നില്ല. 6.1.2020 ന് ശേഷം 21.1.2022 ലാണ് യോഗം ചേർന്നത്. കൃത്യമായ ഇടവേളകളിൽ കമ്മറ്റി യോഗം ചേരാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/11.5.2022), 6.1.2020 ന് ശേഷം പുതിയ പഞ്ചായത്ത് ഭരണസമിതി ചുമതല ഏൽക്കുകയും അതിന് ശേഷം ഉള്ള കാലയളവിൽ പി എം സി അംഗങ്ങളെ തിരഞ്ഞെടുക്കാൻ കാലതാമസം നേരിടുകയും കോവിഡും ആയതിനാലാണ് പി എം സി യോഗം ചേരാതിരുന്നത് എന്നും മറുപടി ലഭ്യമാക്കി. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് പി എം സി യുടെ മേൽനോട്ടം അത്യന്താപേക്ഷിതമാണ്. അതിനാൽ യോഗം കൃത്യമായി ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായി അവലോകനം നടത്തേണ്ടതും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-26 സി.എഫ്.എൽ.ടി.സി.യിലേക്ക് വാങ്ങിയ റെഫ്രിജറേറ്റർ പ്രവർത്തന ക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നു

കോവിഡുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സി.എഫ്.എൽ.ടി.സി., ഡി.സി.സി. എന്നിവയിലേക്കായി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു.

| ഉപകരണം | എണ്ണം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | ബിൽ നം./തീയതി |
|---|---|---|---|
| റെഫ്രിജറേറ്റർ | 1 | 10992 | ചെക്ക് .10256450/12.10.2020-63634 |
| ഇൻഡക്ഷൻ കുക്കർ | 2 | 4800 | |
| സാംസങ് മൊബൈൽഫോൺ | 1 | 6000 | |
| മൊബൈൽഫോൺ | 2 | 2000 | |
| ജനറേറ്റർ | 1 | 74562 | 10256452/14.19.20 |

സി.എഫ്.എൽ.ടി.സി. യുടേയും ഡി.സി.സി.യുടേയും പ്രവർത്തനം നിർത്തലാക്കിയതിന്ശേഷം മേൽ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിച്ച് ഓഫീസിനുള്ളിൽ സൂക്ഷിച്ചിരിക്കുന്നു. ഇവയിൽ റെഫ്രിജറേറ്റർ പ്രവർത്തന ക്ഷമമാക്കാത്ത നിലയിലാണുള്ളത്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/18.5.2022) ലഭ്യമാക്കിയ മറുപടിയിൽ ഭരണ സമിതിയുടെ അംഗീകാരത്തോടെ

റെഫ്രിജറേറ്റർ പി.എച്ച്.സി.യ്ക്ക് കൈമാറുന്നതാണെന്ന് അറിയിച്ചു. ഇതിൻ പ്രകാരം ഉപകരണം പി.എച്ച്.സി.യ്ക്ക് കൈമാറുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

2020-21 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ഉൾപ്പടെ 2019-20 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ലെ അതേ തുകകൾ തന്നെ അവശേഷിക്കുന്നു.

| കോഡ് | വിവരണം | തുക |
|---|---|---|
| 320100115 | Centrally Sponsered Scheme -Total Sanitation Campaign | 99,715 |
| 320200311 | Flood Relief Grant | 4,83,448 |
| 320200316 | LAD Fund For Memebers Of Legislative Assembly | 10,296 |
| 320700105 | JVprojects-Dist .Panchayat(for Capital Exp) | 50,000 |
| 320700205 | JVprojects-Dist .Panchayat(for Revenue Exp) | 1,24,760 |
| 320900101 | Nirmal Puraskar | 4,61,000 |

മേൽ പ്രകാരമുള്ള തുകകൾ ഉചിതമായ പ്രവർത്തികളിൽ വിനിയോഗിക്കാതെ നിഷ്ക്രിയമായി തനതു ഫണ്ടിൽ അവശേഷിക്കുവാനുള്ള കാരണം വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.06/20-21/11.05.22 ന് ടോട്ടൽ സാനിട്ടേഷനിൽ അവശേഷിക്കുന്ന തുകയായ 99,715/- രൂപ ഉപയോഗിച്ച് 2021-22ൽ ഏറ്റെടുത്ത പദ്ധതി 2022-23ൽ സ്പിൽ ഓവറായി തുടരുന്നു എന്ന് മറുപടി നല്കി.

മറ്റു തുകകളുടെ വിനിയോഗം സംബന്ധിച്ച് മറുപടിയിൽ പരാമർശമില്ല. സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്ത് നിന്നും ലഭിച്ച തുകകൾ തുടർന്നും വിനിയോഗിക്കാത്ത പക്ഷം തിരികെ അടയ്ക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 തൊഴിലുറപ്പ് പദ്ധതി- ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു

ചേപ്പാട് ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം റോഡ് നിർമ്മാണം, റോഡ് ഉയർത്തൽ റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെ അടിസ്ഥാന സൗകര്യ വികസനം, ആസ്തി സൃഷ്ടിക്കൽ എന്നീ മേഖലകളിൽ മെറ്റീരിയൽ വർക്കുകൾ നടപ്പാക്കി. പഞ്ചായത്തിലെ റോഡ് ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ എൽ.എസ്.ജി.ഡി വിഭാഗം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുമ്പോൾ ഇരുപതോളം റോഡ് നിർമ്മാണ / വികസന പ്രവർത്തികൾ തൊഴിലുറപ്പ് മുഖേന നടപ്പാക്കിയതിലൂടെ കരാറുകാർക്കാണ് സാമ്പത്തികനേട്ടം ഉണ്ടായത്.

സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പിന്റെ ഭാഗമാണെങ്കിലും തൊഴിലാളികൾക്ക് വളരെ തുച്ഛമായ തുക മാത്രമാണ് ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ വേതനമായി ലഭിയ്ക്കുന്നത്. കൂടാതെ അവരുടെ പങ്കാളിത്തവും വളരെ കുറവാണ്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | അൺ സ്കിൽഡ് ലേബർ വേതനം | സെമി സ്കിൽഡ്/ സ്കിൽഡ് വേതനം | കരാറു കാരന് ലഭിച്ച തുക | ആകെ ചെലവായ തുക | ആകെ തുകയിൽ തൊഴിലാളികൾക്ക് ലഭിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|---|
| 1 | നൂറാട്ട് ശ്രീനിലയം നടപ്പാത കോൺക്രീറ്റ് Ward - 13 (1611009002/RC/296006) | വിജയൻ, വിഷ്ണു ഭവനം | 40,020 | 35,400 | 3,90,006 | 4,65,426 | 8.59 |
| 2 | കോലെടുത്ത്തറ ചൂളത്തെരുവ് നടപ്പാത ഗ്രാവൽ/മക്ക് ഇട്ട് ഉയർത്തൽ W - 12(1611009002/RC | വിജയൻ, വിഷ്ണു ഭവനം | 46,920 | Nil | 4,22,156 | 4,69,076 | 10 |

| | | | | | | | |
|---|---|---|---|---|---|---|---|
| | /296742) | | | | | | |
| 3 | തറയിൽ പീടികയിൽ നടപ്പാത സഞ്ചാരയോഗ്യമാക്കൽ (കോൺക്രീറ്റ്) വാർഡ് - 12(1611009002/RC/294721) | വിജയൻ, വിഷ്ണു ഭവനം | 13,800 | 22,400 | 2,57,372 | 2,93,572 | 4.7 |
| 4 | കളീക്കൽ - സന്ദീപ് ഭവനം നടപ്പാത സഞ്ചാരയോഗ്യമാക്കൽ (കോൺക്രീറ്റ്) വാർഡ് -12(1611009002/RC/294722) | വിജയൻ, വിഷ്ണു ഭവനം | 8,556 | 11,600 | 1,37,850 | 1,58,006 | 5.41 |
| 5 | കിഴക്കടത്ത് മുക്ക് - ഈരിക്കൽ നടപ്പാത Ward - 7(1611009002/ RC/299533) | വിജയൻ, വിഷ്ണു ഭവനം | 15,984 | 31,400 | 3,64,038 | 4,11,422 | 4.39 |
| 6 | സൊസൈറ്റി - വടക്കോട്ട് കനാൽ നടപ്പാത സഞ്ചാരയോഗ്യമാക്കൽ (കോൺക്രീറ്റ്) വാർഡ് -13(1611009002/RC/294725) | വിജയൻ, വിഷ്ണു ഭവനം | 10,212 | 19,000 | 2,20,096 | 2,49,308 | 4.09 |
| 7 | വൃദ്ധസദനം മുതൽ കൃഷ്ണകൃപ വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 13(1611009002/RC/296007) | വിജയൻ, വിഷ്ണു ഭവനം | 32,292 | 38,000 | 4,02,366 | 4,72,658 | 6.83 |
| 8 | അനിയൻ സ്റ്റുഡിയോ- വിജയൻ ത്രാശ്ശേരിൽ നടപ്പാത കോൺക്രീറ്റ് വാർഡ് - 1(1611009002/RC /295115) | ശ്രീകുമാർ, ശ്രീ ഭവനം | 14,904 | 33,800 | 3,77,653 | 4,26,357 | 3.49 |
| 9 | ഭാരതി ജം-ചോനവിള നടപ്പാത വാർഡ് - 1(1611009002/RC/295116) | ശ്രീകുമാർ, ശ്രീ ഭവനം | 6,348 | 10,600 | 1,53,985 | 1,70,933 | 3.71 |
| 10 | പാലമൂട് - കോട്ടൂർ നടപ്പാത കോൺക്രീറ്റ് വാർഡ് - 1(1611009002/RC/295114) | ശ്രീകുമാർ, ശ്രീ ഭവനം | 20,976 | 1,000 | 2,87,648 | 3,09,624 | 6.77 |
| 11 | കുട്ടങ്കൽ - ലയനം വരെ നടപ്പാത സഞ്ചാരയോഗ്യ മാക്കൽ വാർഡ് - 8(1611009002/RC/294714) | വിജയൻ, വിഷ്ണു ഭവനം | 2,368 | Nil | 1,73,147 | 1,75,515 | 1.34 |
| 12 | മുക്കാട്ട് റോഡ് - ഇടയി ലെത്തറ നടപ്പാത കോൺക്രീറ്റ് Ward-4 (1611009002/RC/266991) | വിനോദ്, ആലംപള്ളി | 4,065 | 5,800 | 38,704 | 48,569 | 8.36 |
| 13 | വൈക്കാട്ടുശ്ശേരിൽ മുതൽ പുഞ്ച വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 7 (1611009002/RC /267014) | വിനോദ്, ആലംപള്ളി | 3,523 | 5,441 | 42,154 | 51,118 | 6.89 |
| 14 | ആറാട്ട്കൊട്ടാരം നടപ്പാത കോൺക്രീറ്റ് വാർഡ് - 8 (1611009002/RC/267016) | വിനോദ്, ആലംപള്ളി | 32,520 | 58,400 | 5,50,178 | 6,41,098 | 5.07 |
| 15 | ആറാട്ടുക്കൊട്ടാരം - അങ്കണവാടി | വിനോദ്, | 552 | 24,200 | 1,84,854 | 2,09,606 | 0.26 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റ് വാർഡ് - 8 (1611009002/ RC/267018) | ആലംപള്ളി | | | | | |
| 16 | പ്രത്യാശദീപം - സി.കെ.എച്ച്.എസ് വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 11 (1611009002/ RC/267033) | വിനോദ്, ആലംപള്ളി | 20,867 | 54,600 | 3,88,610 | 4,64,077 | 4.49 |
| 17 | മണി ഭവനം - ഒറ്റത്തെങ്ങിൽ വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 12 (1611009002/ RC/267041) | വിനോദ്, ആലംപള്ളി | 17,615 | 32,000 | 2,94,876 | 3,44,491 | 5.11 |
| 18 | തറയിൽ മുക്ക് - നാഷണൽ ഹൈവേ വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 13 (1611009002/ RC/267045) | വിനോദ്, ആലംപള്ളി | 34,776 | 57,000 | 6,99,284 | 7,91,060 | 4.39 |
| 19 | വേണാട്ട് കണ്ണാത്ത് നടപ്പാത കോൺക്രീറ്റ് വാർഡ് - 7 (1611009002/RC/267810) | വിനോദ്, ആലംപള്ളി | 8,792 | 25,400 | 1,31,402 | 1,65,594 | 5.30 |
| 20 | കണിച്ചനല്ലൂർ അമ്പലം - ആയിക്കാട്ട് നടപ്പാത കോൺക്രീറ്റ് വാർഡ് - 7 (1611009002/RC /267811) | വിനോദ്, ആലംപള്ളി | 9,756 | 16,400 | 1,06,728 | 1,32,884 | 7.34 |
| 21 | പനക്കൽ മുതൽ അനിൽഭവനം നടപ്പാത കോൺക്രീറ്റ് വാർഡ് - 5 (1611009002/RC/267815) | വിനോദ്, ആലംപള്ളി | 25,116 | 35,400 | 2,53,306 | 3,13,822 | 8 |
| 22 | വേളങ്ങാട്ട് സംഗീത ഭവനം നടപ്പാത കോൺക്രീറ്റ് വാർഡ് - 5 (1611009002/RC/267816) | വിനോദ്, ആലംപള്ളി | 35,230 | 53,600 | 3,82,931 | 4,71,761 | 7.46 |

മേൽ പട്ടിക പരിശോധിച്ചാൽ, പ്രവർത്തികൾക്കായി ആകെ ചെലവഴിച്ച തുകയിൽ വളരെ കുറഞ്ഞൊരു വിഹിതം മാത്രമേ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ വേതനം ലഭിക്കും വിധം പ്രവർത്തികൾ നടപ്പാക്കേണ്ടതും കൂടുതൽ തുക അടങ്കലിൽ വരുന്ന പദ്ധതികൾ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കേണ്ടതുമാണ്.

## 1-29 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതിയും, ജിഎസ്ടിയും ഈടാക്കിയില്ല

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതിയും, 2.5 ലക്ഷം രൂപയിൽ അധികം നൽകിയ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി യും കുറവ് ചെയ്തിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു .

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ് | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക | ഈടാക്കേണ്ട ആദായ നികുതി(1%) | ഈടാക്കേണ്ട GST ( 2% ) |
|---|---|---|---|---|---|
| 1 | നൂറാട്ട് ശ്രീനിലയം നടപ്പാത കോൺക്രീറ്റ് Ward - 13(1611009002/ RC/296006) | വിജയൻ, വിഷ്ണു ഭവനം | 4,65,426 | 4654.26 | 9308.52 |
| 2 | കോലെട്ടുത്ത്തറ ചൂളത്തെരുവ് നടപ്പാത ഗ്രാവൽ/മക്ക് ഇട്ട് ഉയർത്തൽ W - 12(1611009002/ RC/296742) | വിജയൻ, വിഷ്ണു ഭവനം | 4,69,076 | 4690.76 | 9381.52 |
| 3 | തറയിൽ പീടികയിൽ നടപ്പാത സഞ്ചാരയോഗ്യമാക്കൽ (കോൺക്രീറ്റ്) വാർഡ് - 12(1611009002/RC/294721) | വിജയൻ, വിഷ്ണു ഭവനം | 2,93,572 | 2935.72 | 5871.44 |
| 4 | കളീക്കൽ - സന്ദീപ് ഭവനം നടപ്പാത സഞ്ചാരയോഗ്യമാക്കൽ (കോൺക്രീറ്റ്) വാർഡ് -12 (1611009002/RC/294722) | വിജയൻ, വിഷ്ണു ഭവനം | 1,58,006 | 1580.06 | - |
| 5 | കിഴക്കടത്ത് മുക്ക് - ഈരിക്കൽ നടപ്പാത Ward - 7(1611009002/ RC/299533) | വിജയൻ, വിഷ്ണു ഭവനം | 4,11,422 | 4114.22 | 8228.44 |
| 6 | സൊസൈറ്റി - വടക്കോട്ട് കനാൽ നടപ്പാത സഞ്ചാരയോഗ്യമാക്കൽ (കോൺക്രീറ്റ്)വാർഡ് -13 (1611009002/RC/294725) | വിജയൻ, വിഷ്ണു ഭവനം | 2,49,308 | 2493.08 | - |
| 7 | വൃദ്ധസദനം മുതൽ കൃഷ്ണകൃപ വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 13(1611009002/RC/296007) | വിജയൻ, വിഷ്ണു ഭവനം | 4,72,658 | 4726.58 | 9453.16 |
| 8 | അനിയൻസ്റ്റുഡിയോ- വിജയൻ ത്രാശ്ശേരിൽ നടപ്പാത കോൺക്രീറ്റ് വാർഡ് - 1(1611009002/ RC/295115) | ശ്രീകുമാർ, ശ്രീ ഭവനം | 4,26,357 | 4263.57 | 8527.14 |
| 9 | ഭാരതി ജം-ചോനവിള നടപ്പാത വാർഡ് - 1 (1611009002/RC/295116) | ശ്രീകുമാർ, ശ്രീ ഭവനം | 1,70,933 | 1707.33 | |
| 10 | പാലമൂട് - കോട്ടൂർ നടപ്പാത കോൺക്രീറ്റ് വാർഡ് - 1(1611009002/ RC/295114) | ശ്രീകുമാർ, ശ്രീ ഭവനം | 3,09,624 | 3096.24 | 6192.48 |
| 11 | ക്ലട്ടുങ്കൽ - ലയനം വരെനടപ്പാത സഞ്ചാരയോഗ്യമാക്കൽ വാർഡ് - 8 | വിജയൻ, വിഷ്ണു ഭവനം | 1,75,515 | 1755.15 | - |

| | | | | | |
|---|---|---|---|---|---|
| | (1611009002/RC/294714) | | | | |
| 12 | മുക്കാട്ട് റോഡ് - ഇടയിലെത്തറ നടപ്പാത കോൺക്രീറ്റ് Ward-4 (1611009002/RC/266991) | വിനോദ്, ആലംപള്ളി | 48,569 | 485.69 | - |
| 13 | വൈക്കാട്ടുശ്ശേരിൽ മുതൽ പുഞ്ച വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 7 (1611009002/RC/267014) | വിനോദ്, ആലംപള്ളി | 51,118 | 511.18 | - |
| 14 | ആറാട്ട്കൊട്ടാരം നടപ്പാത കോൺക്രീറ്റ് വാർഡ് - 8 (1611009002/RC/267016) | വിനോദ്, ആലംപള്ളി | 6,41,098 | 6410.98 | 12821.96 |
| 15 | ആറാട്ടുക്കൊട്ടാരം – അങ്കണവാടി നടപ്പാത കോൺക്രീറ്റ് വാർഡ് - 8 (1611009002/RC/267018) | വിനോദ്, ആലംപള്ളി | 2,09,606 | 2096.06 | 4192.12 |
| 16 | പ്രത്യാശദീപം - സി.കെ.എച്ച്.എസ് വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 11 (1611009002/ RC/267033) | വിനോദ്, ആലംപള്ളി | 4,64,077 | 4640.77 | 9281.54 |
| 17 | മണി ഭവനം - ഒറ്റത്തെങ്ങിൽ വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 12 (1611009002/ RC/267041) | വിനോദ്, ആലംപള്ളി | 3,44,491 | 3444.91 | 6889.82 |
| 18 | തറയിൽ മുക്ക് - നാഷണൽ ഹൈവേ വരെ നടപ്പാത കോൺക്രീറ്റ് വാർഡ് - 13 (1611009002/ RC/267045) | വിനോദ്, ആലംപള്ളി | 7,91,060 | 7910.60 | 15821.2 |
| 19 | വേണാട്ട് കണ്ണാത്ത് നടപ്പാത കോൺക്രീറ്റ് വാർഡ് - 7 (1611009002/ RC/267810) | വിനോദ്, ആലംപള്ളി | 1,65,594 | 1655.94 | - |
| 20 | കണിച്ചനല്ലൂർ അമ്പലം - ആയിക്കാട്ട് നടപ്പാത കോൺക്രീറ്റ് വാർഡ് - 7 (1611009002/RC/267811) | വിനോദ്, ആലംപള്ളി | 1,32,884 | 1328.84 | - |
| 21 | പനക്കൽ മുതൽ അനിൽഭവനം നടപ്പാത കോൺക്രീറ്റ് വാർഡ് - 5 (1611009002/RC/267815) | വിനോദ്, ആലംപള്ളി | 3,13,822 | 3138.22 | 6276.44 |
| 22 | വേളങ്ങാട്ട് സംഗീത ഭവനം നടപ്പാത കോൺക്രീറ്റ് വാർഡ് - 5 (1611009002/ RC/267816) | വിനോദ്, ആലംപള്ളി | 4,71,761 | 4717.61 | 9435.22 |

ജി.എസ്.ടി ഈടാക്കാതെ തുക അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ്

അന്വേഷണം.നം.18/20-21/16.05.22 ന് ഉള്ള മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ അന്തിമ തുക നല്കുന്നതിനു മുൻപ് ജി.എസ്.ടി ഈടാക്കി വകുപ്പിൽ ഫയൽചെയ്യുന്നതാണെന്നും, ആദായ നികുതി സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 19/20-21/16.05.22 ഉള്ള മറുപടിയോടൊപ്പം പ്രസ്തുത കരാറുകാർ ആദായ നികുതി അടച്ചതിന്റെ രേഖകളും ഹാജരാക്കി. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയ്ക്ക് ആനുപാതികമാണോ ഇവ എന്നതിന്റെ വിശദമായ ലിസ്റ്റ് ഹാജരാക്കിയില്ല.

നിയമാനുസൃതമായി ഈടാക്കേണ്ട നികുതികൾ കുറവു ചെയ്തു മാത്രം കരാറുകാർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2019-20 കാലയളവിൽ ലൈഫ് പദ്ധതി പ്രകാരം 31.01.2020 ൽ കരാർ വച്ച ശ്രീമതി മിനി, അശ്വിൻ നിവാസ്, ആയിക്കാട്, ചേപ്പാട് എന്ന ഗുണഭോക്താവ് നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .

17.02.2020 ൽ ഒന്നാം ഗഡുവായി 40,000/- രൂപയും 24.08.2020ൽ രണ്ടാം ഗഡു 1,60,000/-രൂപ കൈപ്പറ്റുകയും ചെയ്തുവെങ്കിലും ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല. ഭവന നിർമ്മാണത്തിൽ ഗുണഭോക്താവ് വീഴ്ച വരുത്തിയതിനെ തുടർന്ന് 28.06.2021, 05.10.2021 തീയതികളിൽ കത്ത് നല്കിയെങ്കിലും തുക തിരികെ അടച്ചിട്ടുമില്ല .

ലൈഫ് പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.02/20-21/10.05.2021 നുള്ള മറുപടിയിൽ ശ്രീമതി മിനിയിൽ നിന്നും തുക തിരികെ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചു .

സാമ്പത്തികമായി വളരെ പിന്നാക്കാവസ്ഥയിലുള്ള പ്രസ്തുത ഗുണഭോക്താവിന് സമ്മതമാകുന്ന പക്ഷം സാമൂഹ്യ സംഘടനകൾ സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 ദുരന്ത പ്രതിരോധ- നിവാരണ പ്രവർത്തനങ്ങൾ

അതിജീവനക്ഷമതയുള്ള ഒരു കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി ബഹു.സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത ഒരു ജനകീയ ക്യാമ്പയിൻ ആണ് നമ്മൾ നമുക്കായി എന്നത്. 2018-ലെ മഹാ പ്രളയത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ട് പ്രാദേശികമായി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജന പങ്കാളിത്തത്തോടെ നടത്തുവാൻ ഈ ക്യാമ്പയിൻ ജനങ്ങളെ പ്രാപ്തരാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചേപ്പാട് ഗ്രാമ പഞ്ചായത്തിൽ ദുരന്ത പ്രതിരോധ / നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പഞ്ചായത്തിലെ ഭരണ സമിതി, പുറത്തു നിന്നും ക്ഷണിക്കാവുന്നവർ, പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ, മുന്നറിയിപ്പ് ടീം, ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ /ബേസിക് ലൈഫ് സപ്പോർട്ട് ടീം, സന്നദ്ധ പ്രവർത്തനങ്ങൾക്കായി 14 വാർഡുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെയും ഉൾപ്പെടുത്തി ദ്രുത കർമ്മ സേന രൂപീകരിച്ച് ആസൂത്രണ രേഖ പുറപ്പെടുവിച്ചു. അതി ജീവനത്തിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-32 തൊഴിലുറപ്പ് അവലോകനം

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം തൊഴിലുറപ്പു പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും, നടപ്പാക്കിയ പദ്ധതികളുടെയും വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്ററർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3126 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1540 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1540 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 115365 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 75 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 518 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 176 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 176 |
| തൻവർഷം പൂർത്തിയാക്കിയത് | 152 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 24 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 0 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 70 | 2,67,33,991 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 14 | 37,95,904 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 2 | 3,93,384 |
| 4 | വരൾച്ചാ നിവാരണം | 13 | 32,50,000 |
| 5 | റൂറൽ കണക്ടിവിറ്റി | 22 | 60,67,076 |
| 6 | മറ്റ് പ്രവൃത്തികൾ | 16 | 5,88,305 |

(അടിസ്ഥാനം : ഓഡിറ്റ് അന്വേഷണം നം.03/20-21/10.05.22)

## 1-33 കോവിഡ് - അവലോകനം

ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

കോവിഡ് രോഗികളെ പാർപ്പിക്കുന്നതിനായി പ്രത്യാശാ ദീപം എന്ന കെട്ടിടത്തിൽ 72 ബെഡ്ഡുകൾ ഉൾപ്പെടുത്തി സി.എഫ്.എൽ.ടി.സി. ക്രമീകരിച്ചിരുന്നു. പൊതു ജനങ്ങളുടെ സഹായത്തിനായി ഹെൽപ് ഡെസ്ക്, വോളണ്ടിയർമാരുടെ സേവനം എന്നിവയും സജ്ജീകരിച്ചിരുന്നു. കോവിഡ് ബ്രിഗേഡ്, ആർ.ആർ.ടി എന്നിവ സജ്ജമാക്കിയിരുന്നു. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജാഗ്രതാസമിതികൾ രൂപീകരിച്ച് തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. അവലോകനയോഗങ്ങൾ കൃത്യമായി കൂടുകയും അത് സംബന്ധിച്ച മിനിട്സ് ബുക്ക് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക സമ്പർക്കപട്ടികയിലുള്ളവർക്കും കോവിഡ് രോഗികൾക്കും അഗതികൾക്കും ഭക്ഷണം നൽകുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിരുന്നു. നിലവിലും ടി കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനം വളരെ മികച്ച രീതിയിൽ തുടരുന്നു. രോഗികൾക്കാവശ്യമായ മരുന്നുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകിയിരുന്നു. കെയർടേക്കർ(2nos), നഴ്സിംഗ് സ്റ്റുഡന്റ്സ് (4 പേർ) എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി സി.എഫ്.എൽ.ടി.സി വളരെ മികച്ച രീതിയിൽ നടത്തി. പള്ളിപ്പാട്, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, പഞ്ചായത്തുകളിൽ നിന്നുള്ള രോഗികളെ താമസിപ്പിക്കുകയും രേഗബാധിതരായി കഴിഞ്ഞവർക്ക് ഭക്ഷണം, മരുന്ന് എന്നിവ എത്തിച്ച് നൽകുകയും ചെയ്തിരുന്നു.

2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5,32,935 രൂപ ചെലവഴിച്ചിരുന്നു. സി.എഫ്.എൽ.ടി.സി പ്രവർത്തനം നിറുത്തുകയും സി.എഫ്.എൽ.ടി.സി യിലേക്ക് വാങ്ങിയ വിവിധ ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ എത്തിച്ച് സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വളരെ മികച്ച രീതിയിൽ കോവിഡ് രോഗത്തെ പ്രതിരോധിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നു.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500 രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പരമാവധി 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2020-21ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | ആലപ്പി സർവോദയാ സംഘ്, കണിച്ച നെല്ലൂർ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | വലിയകുഴി സർവീസ് സഹകരണ ബാങ്ക് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | ചേപ്പാട് സർവീസ് സഹകരണ ബാങ്ക് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | എച്ച്.ഡി.എഫ്.സി ബാങ്ക്, ചേപ്പാട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | കെ.എസ്.എഫ്.സി മുട്ടം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| | ആകെ | | 12,500/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 16 തീയതി 16.05.2022), മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള ഉള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | 2,50,000 | സുഭിക്ഷകേരളം തരിശ്ഭൂമിയിൽ ഇടവിളകൃഷി | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | 14,75,000 | സമഗ്ര നെൽകൃഷി വികസനം-വിരിപ്പ്/പുഞ്ച നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 14,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | 2,00,000 | ലൈഫ് പദ്ധതി(ജനറൽ) | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | 2,50,000 | ആൽത്തറമുക്ക് ആറാട്ട്കൊട്ടാരം റോഡ് പുനരുദ്ധാരണം-വാർഡ്-8 | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | 1,52,040 | പാലിന് സബ്സിഡി | 1,52,040 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,74,640 | പാലിന് സബ്സിഡി | 1,74,640 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | 1,44,825 | സ്കോളർഷിപ്പ് | 1,44,825 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 5,00,000 | സമഗ്രനെൽകൃഷി വികസനം-വിരിപ്പ്/പുഞ്ച കൂലിച്ചെലവ് സബ്സിഡി | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | അനുപൂരക പോഷകാഹാര വിതരണം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,44,825 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,44,825 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22/19.02.2021, 32/29.03.2021 | 52,995 | 0 | 52,995 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | | 24,22,467 | 55,18,950 | 10,98,235 | - | 68,43,182 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 74,04,730 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 74,04,730 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 11,88,674 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 62,16,056 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് മുട്ടം | - | 2020-21 | 62,16,056 | - |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016/17 | 2(1) | 2017/18 | 3 | സ്റ്റാർ ഹോട്ടലിന്റെ നികുതി കുടിശ്ശിക-24.9 ലക്ഷം പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചില്ല | ചേപ്പാട് ഗ്രാമപഞ്ചായത്ത് 1-ാം വാർഡിൽ ശ്രീ. ജേക്കബ് ഉമ്മൻ, മാനത്തറയിൽ ഉടമസ്ഥനായുള്ള റോയൽ ഗാർഡൻസ് 4 സ്റ്റാർ ഹോട്ടൽ & റിസോട്ടിൻറെ 178 എ, 178 ബി എന്നീ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 7,88,853/- രൂപ പിരിച്ചെടുക്കുന്നതിന് 15.03.2018-ൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനെ തുടർന്ന് ടിയാൻ ബഹു. ഹൈക്കോടതിയിൽ ഡബ്യൂ.പി.സി.14677/2018 കേസ് ഫയൽ ചെയ്തിട്ടുള്ളതും നിലവിൽ കേസ് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതും നാളിതുവരെ തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതുമാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | | നിലവിൽ ടി രണ്ട് കെട്ടിടങ്ങൾക്കുമായി 11,08,386/- രൂപ നികുതി ഒടുക്കുവാനുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3(12) | എം.കെ. വേണു കുമാർ (മുൻ പഞ്ചായത്തംഗം) | LF 18054/ SPCELL/ CSC/B3 /2012(3) | 2,188 | 2118/- (120010 101779/ 16.11.2020) | - | - | - | - | - | - |
| 2 | 2008-09 | 3(12) | ഹരികുമാർ (മുൻ പഞ്ചായത്തംഗം) | LF18054/ SPCELL/ CSC/B3 /2012(4) | 2,188 | 2118/- (120010 101810/ 17.11.2020) | - | - | - | - | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെവരവ് | : 6,79,06,646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 6,96,88,740 |
| വരവിനങ്ങളിലുള്ള നഷ്ടം | : 12,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3,84,970 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 2-1 | 12,500 | | ശ്രീമതി ദീപ്തി എസ്.നായർ സെക്രട്ടറി<br>ശ്രീ.ഷാജഹാൻ, സെക്രട്ടറി<br>ശ്രീമതി ശ്രീലത, തൊഴിൽ നികുതി സെക്ഷൻ ക്ലർക്ക് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 52,995 | ശ്രീ.ഷാജഹാൻ, സെക്രട്ടറി |
| 1-20 | 1,74,000 | ശ്രീമതി ലോല സി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 1,57,975 | ഡോ.സെൽമാ ജോസി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | 3,84,970 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19 | 5,580(ജി.എസ്.ടി) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ്തി എസ്.നായർ,<br>സെക്രട്ടറി | സെക്രട്ടറി,<br>പാലമേൽ ഗ്രാമപഞ്ചായത്ത് | പുത്തൻകണ്ടത്തിൽ, മുതുകുളം,<br>മുതുകുളം സൗത്ത് പി.ഒ. |
| ശ്രീ.ഷാജഹാൻ, സെക്രട്ടറി | വിരമിച്ചു | പൊന്നറ, കരീലക്കുളങ്ങര പി.ഒ., കായംകുളം |
| ശ്രീമതി ലോല സി.എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | സുശീല ഭവൻ, റ്റി.സി 30/115,<br>ബാങ്ക് റോഡ്, ആനയറ പി.ഒ.,<br>തിരുവനന്തപുരം |
| ഡോ.സെൽമാ ജോസി,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അവധിയിൽ | പനമ്പറമ്പിൽ, തുമ്പോളി, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 1998-99 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2006-07 | എൽ.എഫ്.ജി.എ5-1577/14, തീയതി 15.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2013-14 | കെ.എസ്.എ-എൽ.പി-പി4-1344/15, തീയതി 20.11.2015 |
| 2014-15 | |
| 2015-16 | കെ.എസ്.എ-എൽ.പി-പി4-1338/16 തീയതി 14.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.4882/2017/06.07.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി.4-10/2019/04.01.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി.4/408/2019/18.06.2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി.4/387/2021/12.04.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്